മത്സ്യഭവനുകളുടെ പ്രവർത്തനം മെച്ചമാക്കാൻ നടപടി

103 [266] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ നിയന്ത്രണത്തിൽ എത്ര മത്സ്യഭവനുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ മത്സ്യഭവനുകൾ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) മത്സ്യഭവനുകളുടെ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഓരോ മത്സ്യഭവനിലും നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ തസ്തികകൾ ഏതൊക്കെയാണെന്നും ഇവരുടെ ഉത്തരവാദിത്വങ്ങൾ എന്തൊക്കെയാണെന്നും വെളിപ്പെടുത്തുമോ;

(ഡി) മത്സ്യഭവനുകളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 100 മത്സ്യഭവനുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) സംസ്ഥാന മത്സ്യവകുപ്പ്, മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏകജാലക സമ്പ്രദായത്തിലൂടെ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി വാർഡു തലത്തിൽ മത്സ്യഭവനുകൾ തീരദേശ ജില്ലകളിൽ പ്രവർത്തിച്ചുവരുന്നു.

(സി) ഓരോ മത്സ്യഭവനിലും നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ തസ്തിക വിവരം അനുബന്ധം 1-ലും ഉത്തരവാദിത്വങ്ങൾ സംബന്ധിച്ച വിവരം അനുബന്ധം രണ്ടിലും കൊടുത്തിരിക്കുന്നു.†

(ഡി) നടപടി സ്വീകരിക്കുന്നുണ്ട്.

---

† നിയമസഭാലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly